നം. സി.ഇ.ഇ/2424/09/സി.എ.പി.-2010/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

## വിജ്ഞാപനം

## കേരള എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം 2010 : അഞ്ചാം ഘട്ട അലോട്ടുമെന്റ് പ്രസിദ്ധീകരിച്ചു

2010 ലെ വിവിധ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അഞ്ചാം ഘട്ട അലോട്ടുമെന്റിലേക്ക്, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സ്/കോളേജിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും **03.09.2010 മുതൽ 09.09.2010 വരെ** സൗകര്യം നൽകിയിരുന്നു. നിലവിലുള്ള ഓപ്ഷനുകളുടെ അടിസ്ഥാനത്തിലുള്ള അഞ്ചാം ഘട്ട അലോട്ടുമെന്റ് **13.09.2010 (തിങ്കളാഴ്ച) www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

അലോട്ടുമെന്റിന്റെ വിശദാംശങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അഞ്ചാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ ഫീസ്/അധിക ഫീസ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **സെപ്റ്റംബർ 14, 15 തീയതികളിൽ** ഒടുക്കേണ്ടതാണ്. എസ്.ബി.റ്റി. ശാഖകളുടെ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

അഞ്ചാം ഘട്ട അലോട്ടുമെന്റിൽ **MBBS/BDS** കോഴ്സുകൾക്ക് അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ **സെപ്റ്റംബർ 15, 16 തീയതികളിൽ** പ്രവേശനത്തിനായി കോളേജുകളിൽ ഹാജരാകണം. **സെപ്റ്റംബർ 16-ാം തീയതി വൈകുന്നേരം 5 മണിക്കു മുമ്പായി** മെഡിക്കൽ/ഡന്റൽ കോളേജുകളിൽ നിന്നും നോൺ ജോയിനിംഗ് റിപ്പോർട്ട്, ഫാക്സ് മുഖാന്തിരം **(നം. 0471- 2337228)** പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

മെഡിക്കൽ/ഡന്റൽ കോളേജുകളിലെ അലോട്ടുമെന്റ്/അഡ്മിഷൻ ക്യാൻസൽ ചെയ്യുന്നതിനുള്ള അവസാന തീയതി **15.09.2010** ആയിരിക്കും.

**19.09.2010 ന് ആറാം ഘട്ട അലോട്ടുമെന്റ് പ്രസീദ്ധീകരിക്കുന്നതാണ്.** ആറാം ഘട്ട അലോട്ടുമെന്റിൽ, വിദ്യാർത്ഥികൾക്ക് നിലവിലുള്ള ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും **സെപ്റ്റംബർ 17-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ആറാം ഘട്ട അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **സെപ്റ്റംബർ 20, 22, 23 തീയതികളിൽ** സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/അധിക ഫീസ് ഒടുക്കണം. ആറാം ഘട്ട അലോട്ടുമെന്റിൽ എല്ലാ കോഴ്സുകൾക്കും അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ **സെപ്റ്റംബർ 22, 23 തീയതികളിൽ** അതതു കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

അലോട്ട്മെന്റ് നടപടികളെക്കുറിച്ചുള്ള സംശയനിവാരണത്തിനായി **0471- 2115311, 2115312, 2115313, 2115314** എന്നീ ടെലഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
13.09.2010